(ബി) പ്രസ്തുത സീറ്റുകളിലേക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കായിക താരങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള കൃത്രിമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഇ) കായികതാരങ്ങൾക്ക് സംവരണം ചെയ്ത സീറ്റിൽ കായിക താരങ്ങളല്ലാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം.

(എ) വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) ഹയർ സെക്കണ്ടറി സ്പോർട്ട്സ് കോട്ട പ്രവേശനം ഓൺലൈൻ മുഖാന്തിരമാണ് സംഘടിപ്പിച്ചിരിക്കുന്നത്. കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ 22-3-2013-ലെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗ തീരുമാന പ്രകാരമുള്ള പ്രത്യേക സ്പോർട്ട്സ് മാനദണ്ഡമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി ഉപയോഗിക്കുന്നത്. പകർപ്പ് അനുബന്ധം II ചേർക്കുന്നു. കൂടാതെ ഏതു വർഷത്തേക്കാണോ അപേക്ഷ ക്ഷണിക്കുന്നത് ആ വർഷത്തിന് തൊട്ടു മുൻപുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിലെ സ്പോർട്ട്സ് സർട്ടിഫിക്കറ്റുകളാണ് അഡ്മിഷനുവേണ്ടി പരിഗണിക്കുന്നത്.*

(സി) ഇല്ല

(ഡി) ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ& എഫ്) ഉണ്ട്. കായികതാരങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകൾ ബാക്കിയുണ്ടെങ്കിൽ അവ ഏകജാലക സംവിധാനം വഴി നികത്തുന്നുണ്ട്.

പുതിയ ഹയർ സെക്കണ്ടറി ബാച്ച്

96 (7063) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കൻണ്ടറി ബാച്ച് പുതിയതായി അനുവദിക്കുന്നത് നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ നേരിടുന്ന പ്രായോഗിക തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ആകെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര ബാച്ചുകൾ അധികമായി അനുവദിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഹയർ സെക്കൻണ്ടറി അനുവദിക്കപ്പെട്ടിട്ടുള്ള നിലവിലുള്ള ബാച്ചുകൾ വിഷയാടിസ്ഥാനത്തിൽ പരിശോധിച്ച് ഏതെല്ലാം വിഷയങ്ങൾക്ക് എത്ര ബാച്ചുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വിഷയങ്ങൾ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിലവിലുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഭരണപരമായ വിഷയങ്ങളും കോടതി വ്യവഹാരങ്ങളുമാണ് ഈ വിഷയത്തിൽ കാലതാമസമുണ്ടാക്കുന്നത്.

(സി) ഇല്ല.

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത പരിഗണിച്ചാണ് അപേക്ഷകളിൽ തീരുമാനമെടുക്കുന്നത്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ

97 (7064) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ, ജൂനിയർ ഹിസ്റ്ററി വിഭാഗം അധ്യാപകരുടെ ആകെ എത്ര ഒഴിവുകൾ 1-8-2008 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഉണ്ടായി ; വിശദവിവരം നൽകാമോ ;

(ബി) അവയിൽ എത്ര എണ്ണത്തിൽ ജൂനിയർ അധ്യാപകർക്ക് സ്ഥാനകയറ്റം നൽകി ; ബാക്കിയുള്ള ഒഴിവുകൾ എത്ര ;

(സി) അനുപാതം 1:3 എന്ന അനുപാത പ്രകാരം എത്ര വീതം ഒഴിവുകൾ തസ്തിക മാറ്റം (എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ.) വഴി നിയമിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടു ;

(ഡി) എത്ര വീതം ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും ജനറൽ റിക്രൂട്ട്മെന്റിലൂടെ നിയമിക്കുന്നതിനായി റിപ്പോർട്ട് ചെയ്തു ;

(ഇ) അവയിൽ എത്ര എണ്ണത്തിന് പി.എസ്.സി.യിൽ നിന്ന് നിയമന ശുപാർശ ചെയ്തു ; എത്ര പേർ ഉദ്യോഗത്തിൽ പ്രവേശിച്ചു ;

(എഫ്) തസ്തികമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ നിർദ്ദിഷ്ട 25% നിരക്കിനെ അധികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly